# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 24 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കാലവർഷം : 30 പേരെ ദുരിതാശ്വാസക്യാമ്പിലേക്ക് മാറ്റിപാർപ്പിച്ചു

ജില്ലയിൽ കാലവർഷക്കെടുതിയെ തുടർന്ന് ബുധനാഴ്ച ഒൻപത് കുടുംബങ്ങളിൽ നിന്നായി 30 പേരെ മാറ്റിപാർപ്പിച്ചു. പുതിയതായി മൂന്ന് ദുരിതാശ്വാസക്യാമ്പുകൾ തുറന്നു. ഇതോടെ ജില്ലയിൽ അഞ്ച് ക്യാമ്പുകളിലായി 21 കുടുംബങ്ങളിലെ 74 പേരെ മാറ്റിപാർപ്പിച്ചു. ബുധനാഴ്ച ഒരു വീട് ഭാഗികമായി തകർന്നതായി റിപ്പോർട്ട് ചെയ്തപ്പെട്ടിട്ടുണ്ട്. ജില്ലയിൽ കാലാവർഷം ആരംഭിച്ചതു മുതൽ ഇതുവരെ 13 വീടുകൾ പൂർണ്ണമായും 133 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഇന്നലെ മാത്രം 16.95 ഹെക്ടർ വിളനാശം ജില്ലയിൽ സംഭവിച്ചു. ആകെ 1.26 കോടിരൂപയുടെ നാശനഷ്ടമാണ് ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളത്.

## പന്ത്രണ്ട് പദ്ധതികളുമായി പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്: ഉദ്ഘാടനം ആഗസ്റ്റ് 25 ന്

പഞ്ചായത്തിനെ കൂടുതൽ വികസനോന്മുഖമാക്കാൻ വിവിധ പദ്ധതികളുമായി പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്. നിർമ്മാണം പൂർത്തീകരിച്ച എട്ട് പദ്ധതികളുടെ ഉദ്ഘാടനവും മൂന്ന് പദ്ധതികളുടെ നിർമ്മാണോദ്ഘാടനവും 18 വീടുകളുടെ കരാർ കൈമാറ്റവും ആഗസ്റ്റ് 25 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഫെബ്രുവരി 18 ന് ഹർത്താൽ മൂലം മാറ്റി വെക്കേണ്ടി വന്ന ഉദ്ഘാടനമാണ് ആഗസ്റ്റ് 25 ന് നടക്കുക. ഇതിന്റെ സംഘാടക സമിതി യോഗം ഇന്ന്(ജൂലൈ 25) വൈകുന്നേരം മൂന്ന് മണിക്ക് പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ലൈഫ് മിഷനുകൾ, നവകേരളനിർമ്മിതി എന്നിവയുടെ ഭാഗമായുള്ളതാണ് പദ്ധതികൾ. പെരിഞ്ഞനോർജ്ജം സോളാർ വൈദ്യുതപദ്ധതി (500 കിലോവാട്ട്), 9.5 കിലോവാട്ട് സോളാർപാനൽ പഞ്ചായത്തിനായി നിർമ്മിക്കുകയും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പഞ്ചായത്തിന്റെ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾക്കായി ഉപയോഗിക്കുകയും ചെയ്യുന്ന പദ്ധതി, ക്ലീൻ പെരിഞ്ഞനം പ്ലാസ്റ്റിക് മാലിന്യ സംസ്കരണപദ്ധതിയുടെ വിപുലീകരണം, ബയോഫാർമസി, കിത്ത് ആന്റ് കിൻ കുടുംബശ്രീ കോമൺ ഫെസിലിറ്റി സെന്റർ, പെരിഞ്ഞനം സമഗ്രപദ്ധതി, ഒരുമ എസ്.സി. കോളനി സമഗ്രപദ്ധതി, പതിനാലാം വാർഡിൽ നിർമ്മിച്ചിട്ടുള്ള പുതിയ മാതൃകാ അംഗൻവാടി കെട്ടിടം എന്നിങ്ങനെ 8 പദ്ധതികളാണ് പണി പൂർത്തീകരിച്ചിരിക്കുന്നത്.

ഇതോടൊപ്പം പ്രളയബാധിതരായ ഭൂരഹിത-ഭവനരഹിതർക്ക് റോട്ടറി ക്ലബ്ബ് 1.24 കോടി രൂപ ചെലവിൽ നിർമ്മിച്ചു നൽകുന്ന 18 വീടുകളുടെ കരാർ കൈമാറ്റവും നടക്കും. മതിലകത്തുവീട്ടിൽ മുഹമ്മദ് എന്ന പ്രവാസി മലയാളി പ്രളയബാധിതരായ ഭവനരഹിതർക്ക് നിർമ്മിച്ചു നൽകുന്ന അഞ്ച് വീടുകളുടെ നിർമ്മാണോദ്ഘാടനം, ജൈവമാലിന്യത്തിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിച്ച് 20 സുനാമിവീടുകൾക്ക് പാചകവാതകം നൽകുന്ന ഗോബർധൻ ജൈവമാലിന്യ സംസ്കരണ പദ്ധതി, ആറാം വാർഡിൽ എംഎൽഎ ഫണ്ടിൽ നിന്ന് 44 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണോദ്ഘാടനം എന്നിവയാണ് തുടങ്ങുന്ന പദ്ധതികൾ.

സോളാർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എസ്.ഇ.സി.ഐ) സബ്സിഡിയോടെ 500 കിലോവാട്ട് സോളാർ വൈദ്യുതി ഉപയോഗിച്ച് പഞ്ചായത്തിന്റെ തെരുവ് വിളക്കുകൾക്കായി സ്ഥാപിക്കുന്ന പദ്ധതിയാണ് പെരിഞ്ഞനോർജ്ജം സോളാർ വൈദ്യുതപദ്ധതി. ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതിയാണ് ക്ലീൻ പെരിഞ്ഞനം പ്ലാസ്റ്റിക് മാലിന്യ സംസ്കരണപദ്ധതി. കിത്ത് ആന്റ് കിൻ എന്ന ബ്രാൻഡിൽ പെരിഞ്ഞനത്തെ കുടുംബശ്രീ ഉത്പന്നങ്ങളെ ഒന്നാക്കുന്ന പദ്ധതിയാണ് കോമൺഫെസിലിറ്റി സെന്റർ. ഹരിതകർമ്മാംഗങ്ങളുടെ കീഴിൽ ജൈവവളവും ജൈവകീടനാശിനിയും നിർമ്മിച്ച് വിപണനം ചെയ്യുന്ന പദ്ധതിയാണ് ബയോഫാർമസി. മത്സ്യത്തൊഴിലാളി വികസനത്തിനായി മിനിഫിഷ്ലാന്റിങ്ങ് സെന്റർ, വല റിപ്പയർ ചെയ്യുന്ന ഹാൾ, പകൽവീട്, മത്സ്യവിപണനം, മത്സ്യസംസ്കരണം, മത്സ്യവിഭവങ്ങളുടെ ഉത്പാദനവും വിപണനവും എന്നിവയുൾപ്പെടുന്നതാണ് പെരിഞ്ഞനം ആറാട്ടുകടവ് സമഗ്രപദ്ധതി.

## അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പുതിയ കോഴ്സുകളുടെ ഉദ്ഘാടനം 29 ന്

മദ്ധ്യകേരളത്തിലെ ആദ്യത്തെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ സ്ഥാപിതമായ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകളുടെ ഉദ്ഘാടനം ജൂലൈ 29 രാവിലെ 10ന് സംസ്ഥാന തുറമുഖവകുപ്പ് മന്ത്രി കടന്നപ്പിള്ളി രാമചന്ദ്രൻ നിർവ്വഹിക്കും. ലാസ്കർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ, ഫസ്റ്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ, സെക്കന്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ എന്നിവയാണ് ആരംഭിക്കുന്നത്. ഉദ്ഘാടനദിവസം തന്നെ ക്ലാസുകളും ആരംഭിക്കും. നാല് ദിവസം നീണ്ടു നിൽക്കുന്ന ക്ലാസ് 50 പേരടങ്ങുന്ന ഒറ്റ ബാച്ചായാണ് ആരംഭിക്കുന്നത്. പ്രവർത്തനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്കിൽ എംബിഎ, ഡിപ്ലോമ, ഡിഗ്രി കോഴ്സുകളും ഉടനെ ആരംഭിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ ആദ്യമായാണ് ഇത്തരത്തിൽ മറൈൻ കോഴ്സുകൾ വരുന്നത്. തുറമുഖവകുപ്പാണ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന പുരാതന മുസ്രിസ് തുറമുഖം പുനർനിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടത്. ലോകത്തിലെ കപ്പൽ വ്യവസായ-ഗതാഗത മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക, കപ്പൽ വ്യവസായ-ഗതാഗത ഭൂപടത്തിൽ കേരളത്തെ ഉയർത്തുക, ഉൾനാടൻ ജലഗതാഗതം പരിപോഷിപ്പിക്കുക എന്നിവയാണ് ലക്ഷ്യം.

തുറമുഖവകുപ്പിന്റെ രണ്ടര ഏക്കർ സ്ഥലത്ത് 11 കോടി രൂപ ചെലവിട്ട് നിർമ്മിച്ച ഇൻസ്റ്റിറ്റ്യൂട്ട് 2015 ജൂലൈ 11 ന് നാണ് ഉദ്ഘാടനം ചെയ്തത്. നാല് പ്രധാന കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിനെ തുടർന്ന് 2017-ൽ മാസത്തിലൊരു തവണ സ്രാങ്കുകൾക്കായുള്ള പരിശീലനം തുടങ്ങി. സാങ്കേതിക കാരണങ്ങൾ മൂലം പരിശീലനം നിന്നു. തുടർന്നാണ് സർക്കാർ വിഭാവനം ചെയ്യുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുറക്കണമെന്ന ആവശ്യമുയർന്നത്. ഇതിനെ തുടർന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് തുറന്നു പ്രവർത്തിക്കാൻ തുറമുഖവകുപ്പ് തീരുമാനിച്ചത്. ആറ് ബ്ലോക്കുകളടങ്ങുന്ന കെട്ടിടസമുച്ചയത്തിൽ ഏഴ് ക്ലാസ് മുറികൾ, വർക്ക്ഷോപ്പ്, ഭരണവിഭാഗം ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, ചാർട്ട്റൂം ബ്ലോക്ക്, കംപ്യൂട്ടർ ബ്ലോക്ക്, ഹോസ്റ്റൽ, ടോയ്‌ലറ്റ് ബ്ലോക്ക്, സബ്സ്റ്റേഷൻ എന്നിവയാണുള്ളത്.

ചടങ്ങിൽ ഇ.ടി.ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ് മാനേജർ ജിസ്മോൻ ജേക്കബ് റിപ്പോർട്ട് അവതരിപ്പിക്കും. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ അബീദലി, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## വിചാരണ മാറ്റി

കാണം/വെറുമ്പാട്ടവകാശ ഭൂമിയ്ക്ക് ജന്മം അനുവദിച്ച് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് തൃശൂർ ലാൻഡ് ട്രൈബ്യൂണൽ ആൻഡ് ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ഇന്ന് (ജൂലൈ 25) തൃശൂർ കളക്ടറേറ്റിൽ നടത്താൻ നിശ്ചയിച്ച എസ്എം കേസുകളുടെ വിചാരണ 2020 ഫെബ്രുവരി 27 ലേക്ക് മാറ്റി. ഫോൺ : 0487-2360777, 2239530.

## കെൽട്രോൺ:
## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ ലോജിസ്റ്റിക്സ് ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ, കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റെനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജി, ആനിമേഷൻ-മൾട്ടിമീഡിയ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ട് എത്തി അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭിക്കും. ഫോൺ : 0471-2325154, 4016555.

## ശിൽപശാല

തൃശൂർ ഗാന്ധിപീസ് ഫൗണ്ടേഷൻ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ ഗാന്ധിദർശന പഠനപരിപാടിയുടെ ചുമതല വഹിക്കുന്ന അദ്ധ്യാപകർക്കായി ശിൽപശാല നടത്തുന്നു. ജൂലൈ 27 രാവിലെ 10 മുതൽ വൈകീട്ട് നാല് വരെ ഇരിങ്ങാലക്കുട ബിആർസി ഹാളിൽ നടക്കുന്ന ശിൽപശാല ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുളാരുണൻ ഉദ്ഘാടനം ചെയ്യും. ജില്ലാ വിദ്യാഭ്യാസ ഓഫീസർ എം കെ ഉഷ അദ്ധ്യക്ഷത വഹിക്കും. സാമൂഹ്യ പ്രവർത്തകൻ കെ വി രാജേഷ് മുഖ്യപ്രഭാഷണം നടത്തും.

## സോഷ്യൽവർക്കർ ഒഴിവ്

കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിൻ ആൻഡ് റിഹാബിറ്റേഷനിൽ സോഷ്യൽ വർക്കർ തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ സൈക്യാട്രി സ്പെഷ്യലൈസേഷനോടെയുള്ള എംഎസ്ഡബ്ല്യൂ ആണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റ സഹിതമുള്ള അപേക്ഷ ആഗസ്റ്റ് അഞ്ച് ഉച്ച 2.30 നകം എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിൻ ആൻഡ് റിഹാബിറ്റേഷൻ, കല്ലേറ്റുംകര, പിൻ 680683 എന്ന വിലാസത്തിലോ nipmrin@gmail.com. എന്ന ഇ-മെയിലോ അയ്ക്കണം. ഫോൺ : 0480-2881959, 2881961.

## 'ചങ്ങാതി'
## സാക്ഷരതാ ക്ലാസ്സ് തുടങ്ങി

സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ കൈപ്പറമ്പ് പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്ന ചങ്ങാതി ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പരിപാടിയുടെ ക്ലാസ്സുകൾ ആരംഭിച്ചു. കൈപ്പറമ്പ് തിരുവാണിക്കാവ് ക്ഷേത്രം ഹാളിൽ പഞ്ചായത്ത് പ്രസിഡന്റ് സി.ജെ ആന്റോ പഠിതാക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്ത് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ പി.പി വേണു അദ്ധ്യക്ഷത വഹിച്ചു.ജില്ലാ കോ-ഓർഡിനേറ്റർ വി.വി ശ്യാം ലാൽ പദ്ധതി വിശദീകരിച്ചു. ബീഹാർ സ്വദേശികളായ നാല് വനിതകൾ ഉൾപ്പെടെ ഒഡീഷ, ബംഗാൾ, ഉത്തർപ്രദേശ്, ആസം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നു പഠിതാക്കൾ. സന്തോഷ് കെ.ആർ, അദ്ധ്യാപകനായ രജീഷ് സി.വി ,പ്രേരക് ഗിരിജ മനോഹരൻ എന്നിവർ സംസാരിച്ചു. ബ്ലോക്ക് നോഡൽ പ്രേരകും മെമ്പറുമായ വനജാ റാഫി സ്വാഗതവും പ്രേരക് ഷീല സിൽവി നന്ദിയും പറഞ്ഞു.

## വാർഡൻ കം ട്യൂട്ടർ നിയമനം

ചാവക്കാട് ഗവ. റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ വാർഡൻ കം ട്യൂട്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നു. ബിരുദയോഗ്യതയുള്ള 40 വയസ്സിനു താഴെ പ്രായുമുള്ള പുരുഷൻമാർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ജൂലൈ 29 രാവിലെ 11 ന് സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2501965.

## ജില്ലാ പഞ്ചായത്ത് യോഗം 26 ന്

ജില്ലാ പഞ്ചായത്ത് യോഗം ജൂലൈ 26 ഉച്ചയ്ക്ക് 2.30 ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

## റീടെണ്ടർ

ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസിന്റെ ആവശ്യത്തിന് 2019 ആഗസ്റ്റ് മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ വാഹനം വാടകയക്ക് ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് അഞ്ച് ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ : 8281999058.

## ഐടിഐ പ്രവേശനം

മണലൂർ ഐടിഐയിൽ രണ്ടാം ഘട്ട കൗൺസിലങ്ങ് ജൂലൈ 26 ന് നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 10 മുതൽ 11 വരെയാണ്. 219 മുതൽ 210 വരെ ഇൻഡക്സ് മാർക്കുള്ള ഓപ്പൺ കാറ്റഗറി, ഈഴവ, ഒബിഎച്ച്, ഒബിഎക്സ്, എസ്സി, മുസ്ലീം വിഭാഗത്തിൽപ്പെടുന്നവരും 149 ഇൻഡക്സ് മാർക്കിൽ താഴെയുള്ള എൽസി വിഭാഗക്കാരും സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം കൗൺസിലിങ്ങിന് എത്തണം. വിശദവിവരങ്ങൾ www.itimanaloor.kerala.gov.in. വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2620066.